(ഡി) ഇല്ലെങ്കിൽ ഇതുപരിഹരിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ):

(എ) വ്യാപാര, വ്യവസായ, വാണിജ്യ മേഖലകളിൽ ഉപയോഗിക്കുന്ന അളവു തൂക്ക ഉപകരണങ്ങൾ നിശ്ചിത സ്റ്റാൻഡേർഡുകളുമായി നിശ്ചിത കാലാവധിയ്ക്കുള്ളിൽ ഒത്തുനോക്കി കൃത്യതയും, സ്റ്റാൻഡേർഡും ഉറപ്പു വരുത്തി മുദ്ര ചെയ്ത് നൽകുക, അളവു തൂക്ക നിയമലംഘനം, പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസിന്റെ ലംഘനം എന്നിവ കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുക എന്നിവയാണ് ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതലകളും കർത്തവ്യങ്ങളും.

(ബി) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും നിലവിലുള്ള ജീവനക്കാരുടെ സേവനവും പ്രയോജനപ്പെടുത്തി കൈവരിക്കാവുന്ന പരമാവധി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

(സി&ഡി) പര്യാപ്തമല്ല. ഇത് പരിഹരിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ലീഗൽ മെട്രോളജി വകുപ്പിൽ വർക്ക് സ്റ്റഡി നടത്തി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

ഭരണപരിഷ്കരണ കമ്മിറ്റിയുടെ ശിപാർശകൾ

11(*161) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണപരിഷ്കരണ കമ്മിറ്റിയുടെ ഏതെല്ലാം ശിപാർശകൾ നടപ്പാക്കാനാണ് നടപടി സ്വീകരിച്ചത്;

(ബി) എന്തെല്ലാം ശിപാർശകളാണ് നാളിതുവരെ നടപ്പാക്കിയത്;

(സി) പ്രസ്തുത ശിപാർശകൾ നടപ്പാക്കുവാൻ നാളിതുവരെ എന്തു തുക ചെലവ് ചെയ്തു ;

(ഡി) ഇതിൽ എന്തെല്ലാം ശിപാർശകൾ പൂർണ്ണമായി നടപ്പാക്കി ;

(ഇ) ഇനി ഏതെല്ലാം ശിപാർശകൾ നടപ്പാക്കാനുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ&ബി) കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കാനും നിയമ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. ഭരണ വകുപ്പിന്റെയും വകുപ്പദ്ധ്യക്ഷൻമാരുടെയും ധനപരമായ അധികാരങ്ങൾ വർദ്ധിപ്പിച്ചു. ഓഫീസുകളിൽ അറ്റൻഡൻസ് പരിശോധന കർശനമാക്കി.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങൾ നൽകുന്ന അപേക്ഷ/പരാതി/ നിവേദനം തുടങ്ങിയവയ്ക്ക് കൈപ്പറ്റ് രസീത് നൽകണമെന്ന് നിർദ്ദേശിച്ചു കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചിംഗ് സിസ്റ്റം സെക്രട്ടേറിയറ്റിൽ പുനഃസ്ഥാപിച്ചിട്ടുണ്ട്. ഭരണ പരിഷ്കാര നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. ഇത് 2010 ആഗസ്റ്റ് 26-ന് നിലവിൽ വന്നതായി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഭരണ പരിഷ്കാര നടപടികൾ കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കുന്നുണ്ടായെന്ന് പരിശോധിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കണക്കാക്കപ്പെട്ടിട്ടില്ല

(ഡി) 1997-ൽ ശ്രീ. ഇ. കെ. നായനാർ ചെയർമാനായി രൂപീകരിച്ച 3-ാമത് ഭരണ പരിഷ്കാര കമ്മറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1, 2, 3, 4, 5, 6, 7, 8, 10, 11, 12, 13 നമ്പരുകളായുള്ള റിപ്പോർട്ടുകളിലെ മിക്ക ശിപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ നടപ്പാക്കൽ വിവിധ ഘട്ടങ്ങളിലാണ്.

(ഇ) റവന്യൂ, ലാന്റ് ബോർഡ്, രജിസ്ട്രേഷൻ, സർവ്വേ ആന്റ് ലാന്റ് റിക്കാർഡ്സ്, സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ പ്രത്യേക ഭരണ പരിഷ്കാരങ്ങൾ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ, ഉദ്യോഗസ്ഥതല പരിഷ്കാരം സംബന്ധിച്ച ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകൾ, സെക്രട്ടേറിയറ്റ് പരിഷ്കാരം സംബന്ധിച്ച പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാർ നവീകരണം സംബന്ധിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ എന്നിവ ഇനിയും നടപ്പാക്കാനുണ്ട്. ഇവ സർക്കാർ പരിശോധിച്ചു വരുന്നു.

തുറമുഖങ്ങളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ

12(*182) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖങ്ങളുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) തുറമുഖ വികസനത്തിന് സഹകാര്യപങ്കാളിത്തം അനുവദിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തുറമുഖങ്ങളുടെ വികസനത്തിനും നവീകരണത്തിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ :

LIBRARY ARCHIVES Kerala Legislative Assembly